പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 613 29.06.2011—ൽ മറുപടിക്ക്

## കരകുളം പഞ്ചായത്തിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്താൻ കുമ്മി കേന്ദ്രമാക്കി തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കരകുളം പഞ്ചായത്തിലെ ശുദ്ധ ജല വിതരണം മെച്ചപ്പെടുത്താൻ കുമ്മി കേന്ദ്രമാക്കി എത്ര തുകയ്ക്കുള്ള പദ്ധതിക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; | (എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1335.68 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ "കരകുളം പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം —രണ്ടാം ഘട്ടം" എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്കീമിൽ പഞ്ചായത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ വിതരണ ശൃംഖല വ്യാപിപ്പിക്കുന്നുണ്ട്; | കരകുളം പഞ്ചായത്തിലെ എല്ലാ വാർഡുകളിലേക്കും വിതരണ ശൃംഖല വ്യാപിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) നാളിതുവരെ എന്തുമാത്രം പണി പൂർത്തീകരിച്ചിട്ടുണ്ട്; | (സി) കുമ്മിയിൽ തടയണയുടെ പണിയും, 5 mld ജല ശുദ്ധീകരണശാലയുടെ പണിയും പൂർത്തിയായി. റാ വാട്ടർ പമ്പിംഗ് മെയിൻ പണി പൂർത്തിയായി. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പണി 40% പൂർത്തിയായി, ജലവിതരണ ശൃംഖലയുടെ പണിയും, പമ്പ് സ്ഥാപിക്കുന്ന പണികളും 98% പൂർത്തിയാക്കി. കെ.എസ്.ഇ.ബി —യിൽ നിന്നും വൈദ്യുതി ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു. |

| | | | |
|---|---|---|---|
| (ഡി) | ഇനി ഏതെല്ലാം പൂർത്തീകരിക്കാനുണ്ട്; | (ഡി) | ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പണി പൂർത്തിയാക്കാൻ റോഡ് കട്ടിംഗ് സാങ്ഷൻ PWD -യിൽ നിന്നും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. K.S.E.B-11 KV ലൈൻ എക്സ്റ്റൻഷൻ പണികൾ പൂർത്തിയാക്കാനുണ്ട്. |
| (ഇ) | 100 ദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി ഭാഗികമായിട്ടെങ്കിലും കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ